**കേരള സർക്കാർ**

<u>സംഗ്രഹം</u>

ധനകാര്യ വകുപ്പ് – തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്ത് - 2019-20 സാമ്പത്തിക വർഷം പൊതു ആവശ്യ ഫണ്ടിന്റെ 11, 12 ഗഡുക്കളായി അനുവദിച്ചതും ട്രഷറി കൂവിൽ ഉൾപ്പെട്ടതും ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യാൻ കഴിയാതിരുന്നതുമായ തുക പുനഃരനുവദിച്ച് ഉത്തരവാകുന്നു.

---

**ധനകാര്യ (എസ്.എഫ്.സി. സെൽ – എ) വകുപ്പ്**

സ.ഉ. (സാധാ) നം. 7098/2020/ധന   തിരുവനന്തപുരം, തീയതി, 3 ഡിസംബർ, 2020

---

പരാമർശം: 1. 17/07/2020 തീയതിയിലെ തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ എച്ച്.എ/390/2020 നമ്പർ കത്ത്

2. 23/10/2020 തീയതിയിലെ ട്രഷറി ഡയറക്ടറുടെ TRY/2505/2020 – E2 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

തിരൂരങ്ങാടി ബ്ലോക്ക് ഗ്രാമപഞ്ചായത്തിന് 2019-20 സാമ്പത്തിക വർഷം പൊതു ആവശ്യ ഫണ്ടിന്റെ 11,12 ഗഡുക്കളായി അനുവദിച്ചതും ട്രഷറി കൂവിൽ ഉൾപ്പെട്ടതും ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യാൻ കഴിയാതിരുന്നതുമായ തുക പുനഃരനുവദിക്കണമെന്ന് തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി പരാമർശം (1) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും പരാമർശം (2) പ്രകാരം ട്രഷറി ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്തിന് 2019-20 സാമ്പത്തിക വർഷം പൊതു ആവശ്യ ഫണ്ടിലെ 11,12 ഗഡുക്കളായി അനുവദിച്ചതും ട്രഷറി കൂവിൽ ഉൾപ്പെട്ടതും ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യാൻ കഴിയാതിരുന്നതുമായ തുകയായ 7,49,000/- രൂപ (ഏഴ് ലക്ഷത്തി നാൽപ്പത്തൊമ്പതിനായിരം രൂപ മാത്രം) '3604-00-200-88-(04) NP' എന്ന ശീർഷകത്തിൽ നിന്നും പുനഃരനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**സുരേഷ് കുമാർ. ഒ.ബി.**
**ഡെപ്യൂട്ടി സെക്രട്ടറി (ധനകാര്യം)**

സ്വീകർത്താക്കൾ

അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പഞ്ചായത്ത് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം
ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി, തിരൂരങ്ങാടി, ചെമ്മാട്, തിരൂരങ്ങാടി പി.ഒ.
തദ്ദേശ സ്വയം ഭരണ (എഫ്.എം) വകുപ്പ്
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ് (www.finance.kerala.gov.in)
ധനകാര്യ ( ബി.ഡബ്ളിയു-ജെ/ ഡെവലപ്. വിംഗ്/എസ്.എസ് ) വകുപ്പ്
കരുതൽഫയൽ/ ഓഫീസ് പകർപ്പ് (ഇ- 1551250)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ